# കേരള സർക്കാർ

വനം വന്യ ജീവി വകുപ്പ് – സർക്കാർ സഹോദര വകുപ്പുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് തടി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വനം വന്യജീവി വകുപ്പ്

സ.ഉ.(എം.എസ്) നം. 38/07/വനം    തീയതി, തിരുവനന്തപുരം, 13..06..2007

---

പരാമർശം :– 1. സ.ഉ.(എം.എസ്) നം. 63/99/വനം തീയതി 19..06..1990

2. 03..05..2007 ലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) ന്റെ പ്രൊ(5)–20982/2004 നമ്പർ കത്ത്.

## ഉത്തരവ്

സർക്കാർ സഹോദര വകുപ്പുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് തടി ലേലത്തിൽ പങ്കെടുക്കാതെ ഡിപ്പോകളിൽ നിന്നും പരാമർശം 1 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് നൽകുന്നതിൽ സെന്റേജ് ചാർജ്ജ് വില ഈടാക്കൽ എന്നിവയെ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ, നിലവിലുള്ള വ്യവസ്ഥകൾ താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

**അപേക്ഷ നൽകേണ്ട വിധം:**

1. തടി ആവശ്യമുള്ള സഹോദര വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവർ അതത് വകുപ്പ് / സ്ഥാപനത്തിന്റെ തലവൻ മുഖാന്തിരം ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ (സംരക്ഷണം) ന് അപേക്ഷ നൽകേണ്ടതാണ്.

2. തടിയുടെ ആവശ്യകതയെ സംബന്ധിച്ച വിശദമായ വിവരം ഉൾപ്പെടുത്തി വെള്ളക്കടലാസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷക്ക് പ്രത്യേക ഫീസോ, റവന്യൂ സ്റ്റാമ്പോ ആവശ്യമില്ല.

3. അപേക്ഷയോടൊപ്പം കെട്ടിടം പണിയുന്നതോ / അറ്റകുറ്റപ്പണിയോ നടത്തേണ്ടത് ഏത് സ്ഥലത്താണെന്ന വിവരണവും, ടി സ്ഥലത്തിന്റെ ചുമതലയുള്ള പൊതുമരാമത്ത് വകുപ്പിലെ കെട്ടിട വിഭാഗം അസിസ്റ്റന്റ് എൻജിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ നിയമാനുസൃതവും, നിശ്ചിത പ്രൊഫോർമയിലുള്ള പണിയുടെ വിശദമായ എസ്റ്റിമേറ്റും, സാക്ഷിപത്രവും (സർട്ടിഫിക്കറ്റും) ഉള്ളടക്കം ചെയ്യേണ്ടതാണ്.

4. അപേക്ഷയിൽ എസ്റ്റിമേറ്റ് പ്രകാരം എത്ര ക്യൂബിക് മീറ്റർ തടി ആവശ്യമുണ്ടെന്നും അതിലേയ്ക്ക് എത്ര ക്യൂബിക് മീറ്റർ ഉരുളൻ തടി ആവശ്യമുണ്ടെന്നും വ്യക്തമായി കെട്ടിട വിഭാഗം എൻജിനീയർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5. ഉരുളൻ തടിക്കുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

6. തടിയുടെ ലഭ്യത കുറവായതുകൊണ്ട് ഒരു സമയം പരമാവധി 50 ക്യൂബിക് മീറ്റർ തടി മാത്രമേ തെരഞ്ഞെടുക്കാൻ അനുവദിക്കുകയുള്ളൂ.

7. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) അതാത് സ്ഥലത്തിന്റെ ചാർജ്ജുള്ള തടി വിൽപ്പന വിഭാഗം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് തടിയുടെ ലഭ്യത അറിയിക്കാനായി 7 ദിവസത്തിനകം അയച്ചുകൊടുക്കേണ്ടതാണ്.

8. അപേക്ഷ കിട്ടിയാലുടൻ തന്നെ തടി വിൽപ്പന വിഭാഗം / ടെറിട്ടോറിയൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന ഉൽപ്പന്നത്തിന്റെ ലഭ്യതയും അപേക്ഷകർക്ക് ഉൽപ്പന്നങ്ങൾ അനുവദിക്കാവുന്നതാണോ എന്നും പരിശോധിച്ച് 7 ദിവസത്തിനകം സംരക്ഷണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് വ്യക്തമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

9. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ട് കിട്ടി 7 ദിവസത്തിനകം ചീഫ് കൺസർവേറ്റർ (സംരക്ഷണം) അപേക്ഷയിൽ യുക്തമായ തീരുമാനം എടുത്ത് തടി അനുവദിക്കാവുന്ന പക്ഷം ബന്ധപ്പെട്ട അപേക്ഷ തന്റെ ശുപാർശയോടുകൂടി സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

10. എന്തെങ്കിലും കാരണത്താൽ അപേക്ഷ അനുവദിക്കാൻ നിവർത്തിയില്ലെങ്കിൽ പ്രസ്തുത വിവരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) അപേക്ഷകനെ അറിയിക്കേണ്ടതാണ്.

11. ഇങ്ങനെ തടി അനുവദിക്കാനുള്ള ശുപാർശയോടുകൂടി സർക്കാരിന് കിട്ടുന്ന അപേക്ഷകളിന്മേൽ സർക്കാർ 30 ദിവസത്തിനുള്ളിൽ ഉചിതമായ തീരുമാനം (അനുവദിച്ചു കൊണ്ടുള്ള / നിരസിച്ചു കൊണ്ടുള്ള) എടുത്ത് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെയും അപേക്ഷകനെയും അറിയിക്കുന്നതാണ്.

<u>തടി തിരഞ്ഞെടുക്കലും വില അടക്കലും</u>

12. സർക്കാർ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ബന്ധപ്പെട്ട സ്ഥാപനങ്ങൾ / വകുപ്പുകൾ മുതലായവ അവരവർക്ക് അനുവദിച്ചിട്ടുള്ള ഡിപ്പോകളിൽ നിന്നും തടിയുടെ ലഭ്യത അനുസരിച്ച് ഡിപ്പോ ഓഫീസറുടെ അനുവദത്തോടുകൂടി തടി തെരഞ്ഞെടുക്കേണ്ടതാണ്.

13. തെരഞ്ഞെടുത്ത തടിയുടെ ലിസ്റ്റ് വിവരം / അതാത് ഡിപ്പോ ഓഫീസർമാർക്ക് അപേക്ഷകൻ എഴുതി കൊടുക്കേണ്ടുന്നതും, മൂന്നു ദിവസത്തിനുള്ളിൽ ഡിപ്പോ ഓഫീസർമാർ താഴെപ്പറയുന്ന പ്രകാരം വിലയും നികുതികളും കണക്കാക്കി ചെല്ലാൻ നൽകേണ്ടതാണ്.

    (a) തടി തെരഞ്ഞെടുക്കുന്ന സമയത്ത് പ്രാബല്യത്തിലുള്ള ഷെഡ്യൂൾ റേറ്റോ, ബന്ധപ്പെട്ട ഡിപ്പോയിൽ തൊട്ടു മുമ്പുള്ള 6 മാസത്തിൽ ലഭിച്ച ഏറ്റവും കൂടിയ നിരക്കോ ഏതാണ് കൂടുതലെങ്കിൽ ആ നിരക്കായിരിക്കും വിലയായി കണക്കാക്കേണ്ടത്.

    (b) അങ്ങനെ കണക്കാക്കുന്ന വിലയുടെ 21% (ഇരുപത്തി ഒന്ന് ശതമാനം) തെരഞ്ഞെടുക്കുന്ന തടികൾക്ക് സെന്റേജ് ചാർജ്ജായി ഈടാക്കേണ്ടതാണ്.

    (c) ഇതിനു പുറമേ നിലവിലുള്ള വന വികസന നികുതി ഈടാക്കേണ്ടതാണ്. ഇത് നിലവിൽ 5 ശതമാനമാണ്.

    (d) അതാത് സാമ്പത്തിക വർഷം നിലവിലുള്ള വിൽപ്പന നികുതിയും (VAT) സർചാർജ്ജോ മറ്റു നികുതികളോ ഉണ്ടെങ്കിൽ അതും ഈടാക്കേണ്ടതാണ്.

    (e) കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ വരുമാന നികുതിയും, സർചാർജ്ജുകളോ, സെസ്സുകളോ ഉണ്ടെങ്കിൽ അതും നിയമാനുസൃതം വസൂലാക്കേണ്ടതാണ്.

14. തോട്ടങ്ങളിൽ നിന്നും കൊടി മരങ്ങൾ മുതലായ ആവശ്യങ്ങൾക്ക് നില മരങ്ങൾ അനുവദിക്കുമ്പോൾ, അവയുടെ ഘനമാനം കണക്കാക്കേണ്ടത് മരം മുറിച്ചിട്ട് ഒന്നായി കണക്കാക്കിയതും, ഓരോ നാല് മീറ്ററും ഓരോ കഷണമായി ഘനമാനം എടുത്തും തുലനം ചെയ്യുമ്പോൾ ഏതാണ് കൂടുതൽ എന്നാൽ അത് വില വസൂൽ ചെയ്യേണ്ട ഘനമാനമായി കണക്കാക്കേണ്ടതും അതിന് വിലയും നികുതികളും മറ്റും ഈടാക്കേണ്ടതുമാണ്.

15. ചെല്ലാൻ പ്രകാരമുള്ള വിലയും, നികുതികളും അടച്ച് തടി നീക്കം ചെയ്യുന്നതിന് ചെല്ലാൻ തീയതി മുതൽ 15 ദിവസത്തെ കാലാവധി അനുവദിക്കാവുന്നതാണ്.

16. അത്യാവശ്യ സാഹചര്യത്തിൽ പണം അടയ്ക്കുന്നതിനും തടി നീക്കം ചെയ്യുന്നതിനും 18% പലിശയും 2½ % സർചാർജ്ജും തറവാടകയും ഈടാക്കിക്കൊണ്ട് ഡിവഷണൽ ഫോറസ്റ്റാഫീസർക്ക് 15 ദിവസത്തെ കാലാവധി ദീർഘിപ്പിച്ച് നൽകുവുന്നതാണ്.

## പൊതു വ്യവസ്ഥകൾ

17. ഇപ്രകാരം ദീർഘിപ്പിച്ച കാലാവധിക്കുള്ളിലും പണം അടച്ച് തടി നീക്കം ചെയ്യാതെ ബന്ധപ്പെട്ട സഹോദര വകുപ്പുകൾ / സ്ഥാപനങ്ങൾ / ആരാധനാലയങ്ങൾ / വിദ്യാഭ്യാസ സ്ഥാപനങ്ങൾ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം ഉള്ള നോട്ടീസ് നൽകിയതിനു ശേഷം അടുത്ത ലേലത്തിൽബന്ധപ്പെട്ടവരുടെ നഷ്ടോത്തരവാദിത്വത്തിൽ തടി ലേലം ചെയ്ത് വിൽക്കാവുന്നതാണ്.

18. സർക്കാർ വകുപ്പുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള ബോർഡുകൾ / കോർപ്പറേഷനുകൾ / ആരാധനാലയങ്ങൾ / വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ തടി തിരഞ്ഞെടുത്ത് യഥാസമയം പണമടച്ച് ഉൽപ്പന്നങ്ങൾ നീക്കം ചെയ്യുന്നതിന് താമസം വരുത്തുന്ന പക്ഷം, ടി സ്ഥാപനങ്ങളുടെ നഷ്ടോത്തരവാദിത്വത്തിൽ ലേലം നടത്തിയാൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ അത് ഈടാക്കുന്നതിന് സമ്മതമാണെന്നും കാണിച്ചുകൊണ്ടുള്ള ഒരു സമ്മത പത്രം കൂടി തടി തിരഞ്ഞെടുക്കുന്ന സമയത്തിനു മുമ്പ് 50 രൂപ മുദ്രക്കടലാസിൽ വാങ്ങേണ്ടതാണ്.

19. തടി പൂർണ്ണമായി ഉപയോഗിച്ചതിന് തെളിവായി ബന്ധപ്പെട്ട സ്ഥാപനം അതാത് ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് ഉപയോഗിച്ച് കഴിഞ്ഞാലുടൻ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അയച്ചു കൊടുക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൽ. രാധാകൃഷ്ണൻ
സെക്രട്ടറി

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പകർപ്പ് :
1. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. വനം-ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
3. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

(ഒപ്പ്)
സെക്ഷൻ ഓഫീസർ